"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ കേരള ഘടകത്തിന് 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.230/2026/CLAD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ.)നം.678/2025/സാം.കാ.വ തീയതി 12.11.2025.
2. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ കേരള ഘടകം റീജിയണൽ സെക്രട്ടറിയുടെ 07.01.2026, 19.02.2026 തീയതികളിലെ FFSIK/01/2026-2 നം കത്തുകൾ
3. സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന്റെ 06.02.2026 ലെ എ2-1870/25/സാം.വ. നം കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2205-00-102-39 ശീർഷകത്തിൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ - കേരള ഘടകത്തിന് പദ്ധതിയേതര വിഹിതമായി 50,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും ആദ്യ ഗഡു 20,00000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) പരാമർശം (1)പ്രകാരം അനുവദിച്ചിരുന്നു. അവശേഷിക്കുന്ന തുകയായ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ - കേരള ഘടകം റീജിയണൽ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരള ഘടകത്തിന് 2025-26 സാമ്പത്തിക വർഷം "2205-00-102-39" ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരിക്കുന്ന 50,00,000/-രൂപയിൽ നിന്നും രണ്ടാം ഗഡുവായി 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന്

സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരള ഘടകം റീജിയണൽ സെക്രട്ടറി സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതും, തുക കൈപ്പറ്റി 3 മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷനും സമർപ്പിക്കേണ്ടതാണ്. തുക പിൻവലിക്കുന്നത് ഫണ്ട് റിലീസിംഗ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കും.

4. കൂടാതെ 04.01.2021-ലെ സർക്കുലർ നം. 1/2021/ധന-ത്തിലെ നിബന്ധന പ്രകാരം STSB അക്കൗണ്ടിലേക്ക് തുക ട്രാൻസ്റ്റർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗസാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
റീജിയണൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ- കേരള, സ്റ്റാച്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ധനകാര്യ വകുപ്പ് (10.03.2026 ലെ 344544-EDN-D2/49/2025-FIN പ്രകാരം).
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് .
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 12-03-2026 10:33:53